**HADIA CSE Khutba Notes (27.12.2019)**

# കുറ്റബോധം നമ്മെ നിരാശരാക്കേണ്ടതില്ല.

പുതിയ ഒരു കൊല്ലം പിറക്കുകയാണല്ലോ! സാധാരണ പലയാളുകളും ജീവിതത്തിൽ ചില പ്രത്യേക തീരുമാനങ്ങൾ എടുക്കുന്നത് ഇത്തരം സന്ദർഭങ്ങളിലായിരിക്കും. ഉദാഹരണത്തിന്, വിദ്യാർഥികളാണെങ്കിൽ ഇനിമുതൽ കൃത്യമായി പാഠഭാഗങ്ങൾ അന്നന്ന് പഠിക്കുന്നതാണെന്ന് തീരുമാനമെടുക്കാം. കച്ചവടക്കാരന് ഇനിമുതൽ സത്യസന്ധമായേ കച്ചവടം ചെയ്യുകയുള്ളൂ എന്ന് തീരുമാനമെടുക്കാം. ഇപ്രകാരം ഇസ്ലമയത്ത് നമുക്കെല്ലാവർക്കും പൊതുവായി എടുക്കാവുന്ന ഒരു തീരുമാനമാണ്, മേലാൽ അല്ലാഹുവിന്റെ കൽപന അനുസരിച്ച് കൊണ്ടേ ജീവിക്കുകയുള്ളൂ എന്ന്. സ്വഹാബത്തിന്റെ കൂട്ടത്തിലെ പലരും ചില സന്ദർഭങ്ങളിൽ ഇപ്രകാരം ചില തീരുമാനങ്ങൾ എടുത്തിരുന്നതായി ഹദീസുകളിൽ കാണാം. തബൂക് യുദ്ധത്തിൽ നിന്ന് പിൻമാറിയ കഅബ് (റ) ന്റെ തൗബ സ്വീകരിച്ചപ്പോൾ അദ്ധേഹം നടത്തിയ പ്രഖ്യാപനം ഉദാഹരണം.

**فَقُلْتُ يَا رَسُولَ اللَّهِ إِنَّمَا اللَّهُ تَعَالَى نَجَّانِي بِالصِّدْقِ وَإِنَّ مِنْ تَوْبَتِي أَنْ لَا أُحَدِّثَ إِلَّا صِدْقًا مَا بَقِيتُ قَالَ فَوَاللَّهِ مَا أَعْلَمُ أَحَدًا مِنْ الْمُسْلِمِينَ أَبْلَاهُ اللَّهُ مِنْ الصِّدْقِ فِي الْحَدِيثِ مُذْ ذَكَرْتُ ذَلِكَ لِرَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَحْسَنَ مِمَّا أَبْلَانِي اللَّهُ تَبَارَكَ وَتَعَالَى وَاللَّهِ مَا تَعَمَّدْتُ كَذِبَةً مُذْ قُلْتُ ذَلِكَ لِرَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِلَى يَوْمِي هَذَاوَإِنِّي لَأَرْجُو أَنْ يَحْفَظَنِي فِيمَا بَقِيَ (متفق عليه)**

എന്നാൽ, മേലാൽ തെറ്റുകളൊന്നും ചെയ്യില്ല എന്ന് തീരുമാനമെടുക്കുമ്പോൾ തന്നെ നമ്മെ അതിൽ നിന്ന് പിന്തിരിപ്പിക്കുന്ന വലിയ ഒരു ഘടകമാണ് കഴിഞ്ഞ കാലത്ത് നാം ചെയ്ത പാപങ്ങളുടെ പേരിൽ നാം അനുഭവിക്കുന്ന കുറ്റബോധം (Guilt). കുറ്റബോധം നിസ്സാരമായി കാണേണ്ട ഒന്നല്ല. ആത്മഹത്യയുടെ ഒരു പ്രധാന കാരണം ജീവിതത്തിൽ സംഭവിച്ച ചില തെറ്റുകളെ ഓർത്ത് കൊണ്ടുള്ള അമിതമായ കുറ്റബോധമാണെന്ന് മന:ശ്ശാസ്ത്രം പറയുന്നു. ജർമൻ തത്വചിന്തകനായ നീഷേ പറയുന്നു: ലോകത്ത് എക്കാലവും മാനവരാശിയെ പിടികൂടിയിട്ടുള്ള ഒരു പൊതുവ്യാധിയാണ് കുറ്റബോധം. ആറു കാര്യങ്ങൾ ഇല്ലാതിരിക്കൽ ജീവിതവിജയത്തിന് അത്യാവശ്യമാണെന്ന് ചാണക്യൻ അർഥശാസ്ത്രത്തിൽ പറയുന്നു. അതിൽ ഒന്ന് കുറ്റബോധമാണ്. സ്വന്തം അമ്മയെ അമ്മയാണെന്ന് അറിയാതെ വിവാഹം കഴിച്ച ഗ്രീക്ക് രാജാവ് ഈഡിപ്പസ് (Oedipus), യാഥാർഥ്യം തിരിച്ചറിഞ്ഞപ്പോൾ തന്റെ കണ്ണുകൾ കുത്തിപ്പൊട്ടിച്ച് ശിഷ്ടകാലം മലഞ്ചെരിവുകളിലൂടെ അലഞ്ഞ് നടന്ന കഥ വളരെ പ്രശസ്തമാണല്ലോ. അങ്ങനെ ചെയ്യാൻ ഈഡിപ്പസിനെ പ്രേരിപ്പിച്ചത് സ്വന്തം അമ്മയെ വിവാഹം കഴിച്ചല്ലോ എന്ന കടുത്ത കുറ്റബോധമാണ്. ഇക്കഥയിൽ നിന്ന് പിൽക്കാലത്ത് പ്രശസ്ത മനഃശാസ്ത്രജ്ഞനായ സിഗ്മണ്ട് ഫ്രോയിഡ് ഈഡിപ്പസ് കോംപ്ലക്സ് എന്ന സിദ്ധാന്തം (അഥവാ, വളർന്ന് വരുമ്പോൾ ഒരു ആൺകുട്ടിക്ക് തന്റെ അമ്മയോടും പെൺകുട്ടിക്ക് അച്ഛനോടും തോന്നുന്ന ലൈംഗിക ആകർഷണം.) രൂപപ്പെടുത്തുകയുണ്ടായി.

എന്താണ് ഇസ്ലാം ഇത്തരം കുറ്റബോധത്തിന് നിർദേശിക്കുന്ന പരിഹാരം? സൂറത്തുൽ ഫുർഖാനിലെ 70, 71 വചനങ്ങളാണെന്ന് പറയാം.

**إِلَّا مَنْ تَابَ وَآمَنَ وَعَمِلَ عَمَلًا صَالِحًا فَأُولَئِكَ يُبَدِّلُ اللَّهُ سَيِّئَاتِهِمْ حَسَنَاتٍ وَكَانَ اللَّهُ غَفُورًا رَحِيمًا وَمَنْ تَابَ وَعَمِلَ صَالِحًا فَإِنَّهُ يَتُوبُ إِلَى اللَّهِ مَتَابًا (الفرقان)**

**قال ابن عباس : يبدلهم الله بقبائح أعمالهم في الشرك محاسن الأعمال في الإسلام فيبدلهم بالشرك إيماناً ، وبقتل المؤمنين قتل المشركين ، وبالزنا عفة وإحصاناً (الخازن) وروي عن الحسن أنه قال : وَدَّ قومٌ يوم القيامة أنهم كانوا في الدنيا استكثروا من الذُّنوب؛ فقيل : من هم؟ قال : هم الذين قال الله تعالى فيهم : { فأولئك يبدل الله سيآتهم حسنات } (زاد المسير)**

**HADIA CSE Khutba Notes (27.12.2019)**

## കുറ്റബോധം നമ്മെ നിരാശരാക്കേണ്ടതില്ല.

അഥവാ, പാപം ചെയ്ത ഒരാൾ ആത്മാർഥമായി പശ്ചാതപിക്കുന്ന പക്ഷം അവന്റെ ദോഷങ്ങൾ അല്ലാഹു പൊറുത്ത് കൊടുക്കുമെന്ന് മാത്രമല്ല, പ്രസ്തുത പാപങ്ങളെ നൻമകളാക്കി രേഖപ്പെടുത്തുക കൂടി ചെയ്യുന്നതാണ്!

**عَنْ أَبِي ذَرٍّ قَالَ: قَالَ النَّبِيُّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: "إِنِّي لَأَعْلَمُ آخِرَ رَجُلٍ يَخْرُجُ مِنَ النَّارِ، يُؤْتَى بِهِ يَوْمَ الْقِيَامَةِ فَيُقَالُ: اعْرِضُوا عَلَيْهِ صِغَارَ ذُنُوبِهِ، وَيُخَبَّأُ عَنْهُ كِبَارُهَا، فَيُقَالُ لَهُ عَمِلْتَ يَوْمَ كَذَا وَكَذَا كَذَا وَكَذَا، وَهُوَ مُقِرٌّ لَا يُنْكِرُ، وَهُوَ مُشْفِقٌ مِنْ كِبَارِهَا، فَيُقَالُ: أَعْطُوهُ مَكَانَ كُلِّ سَيِّئَةٍ عَمِلَهَا حَسَنَةً، فَيَقُولُ: رَبِّ إِنَّ لِي ذُنُوبًا ما أراها ها هنا، قَالَ أَبُو ذَرٍّ: لَقَدْ رَأَيْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ضَحِكَ حَتَّى بَدَتْ نَوَاجِذُهُ (مسلم)**

ഈ ആയത്ത് ഇറങ്ങിയപ്പോൾ പ്രവാചകൻ (സ്വ) വളരെയധികം സന്തോഷിക്കുകയുണ്ടായി .

**عَنِ ابْنِ عَبَّاسٍ، قَالَ: قَرَأْنَاهَا عَلَى عَهْدِ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ سَنَتَيْنِ: { وَالَّذِينَ لَا يَدْعُونَ مَعَ اللَّهِ إِلَهًا آخَرَ } الْآيَةَ، ثُمَّ نَزَلَتْ: { إِلَّا مَنْ تَابَ } فَمَا رَأَيْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَرِحَ بِشَيْءٍ قَطُّ كَفَرَحِهِ بِهَا وَفَرَحِهِ بِـ: "إِنَّا فَتَحْنَا لَكَ فَتْحًا مُبِينًا لِيَغْفِرَ لَكَ اللَّهُ مَا تَقَدَّمَ مِنْ ذَنْبِكَ وَمَا تَأَخَّرَ" (البغوي)**

ആയത്തിന്റെ അർഥം പശ്ചാത്തപിച്ചവർക്ക് കൂടുതൽ നൻമകൾ ചെയ്യാനുള്ള സൗഭാഗ്യം (തൗഫീഖ്) ലഭിക്കുമെന്നാണ് പറഞ്ഞ വ്യാഖ്യാതാക്കളും ഉണ്ട് .

**{ فأولئك يبدّل الله سيّئاتهم حسناتٍ } أي يوفقهم للمحاسن بعد القبائح أو يمحوها بالتوبة ويثبت مكانها الحسنات الإيمان والطاعة (النسفي)**

ചുരുക്കത്തിൽ നിഷ്കളങ്കമായ തൗബ ചെയ്യാൻ ഒരുക്കമാണെങ്കിൽ പിന്നെ മുൻപ് സംഭവിച്ച പാപങ്ങൾ ഓർത്ത് നാം സങ്കടപ്പെടേണ്ടതില്ല .

മേൽ ആയത്തിനെ വ്യാഖ്യാനിച്ച് കൊണ്ട് പണ്ഡിതൻമാർ രേഖപ്പെടുത്തിയ ചില ഹദീസുകൾ കൂടി നാം അനുബന്ധമായി മനസ്സിലാക്കുക.

**جاء شيخ كبير هرم قد سقط حاجباه على عينيه، فقال: يا رسول الله، رجل غدر وفجر، ولم يدع حاجة ولا داجة إلا اقتطعها بيمينه، لو قسمت خطيئته بين أهل الأرض لأوبقتهم، فهل له من توبة؟ فقال له رسول الله صلى الله عليه وسلم: "أسلمتَ؟" قال : أما أنا فأشهد أن لا إله إلا الله وحده لا شريك له، وأن محمدًا عبده ورسوله. فقال النبي صلى الله عليه وسلم: "فإن الله غافر لك ما كنت كذلك، ومبدل سيئاتك حسنات". فقال: يا رسول الله، وغَدَراتي وفَجَراتي؟ فقال: "وغَدَرَاتك وفَجَرَاتك" . فَوَلّى الرجل يهلل ويكبر (احمد)**

**عن أبي هريرة، رضي الله عنه، قال: جاءتني امرأة فقالت: هل لي من توبة؟ إني زنيت وولدت وقتلته. فقلت لا ولا نَعمت العين ولا كرامة. فقامت وهي تدعو بالحسرة. ثم صليت مع النبي صلى الله عليه وسلم الصبح، فقصصت عليه ما قالت المرأة وما قلت لها، فقال رسول الله صلى الله**

**HADIA CSE Khutba Notes (27.12.2019)**

## കുറ്റബോധം നമ്മെ നിരാശരാക്കേണ്ടതില്ല.

**عليه وسلم: " بئسما قلت! أما كنت تقرأ هذه الآية: { وَالَّذِينَ لا يَدْعُونَ مَعَ اللَّهِ إِلَهًا آخَرَ } إلى قوله: { إِلا مَنْ تَابَ وَآمَنَ وَعَمِلَ عَمَلا صَالِحًا فَأُولَئِكَ يُبَدِّلُ اللَّهُ سَيِّئَاتِهِمْ حَسَنَاتٍ وَكَانَ اللَّهُ غَفُورًا رَحِيمًا } فقرأتها عليها. فخرَّت ساجدة وقالت: الحمد لله الذي جعل لي مخرجًا.**

**هذا حديث غريب من هذا الوجه، وفي رجاله مَنْ لا يُعرف والله أعلم. (تفسير ابن كثير)**

അങ്ങനെ നോക്കുമ്പോൾ പിന്നെ എന്തിനാണ് കഴിഞ്ഞകാല പാപങ്ങളെ ഓർത്ത് കൊണ്ടുള്ള കുറ്റബോധം നമ്മെ തളർത്തേണ്ട ആവശ്യം? ഇല്ലല്ലോ, അതുകൊണ്ട് വരാനിരിക്കുന്ന പുതിയ വർഷത്തിൽ കൂടുതൽ ഭക്തരാകാൻ നമുക്ക് പ്രതിജ്ഞയെടുക്കാം.

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in
**For any clarification: Mob: +919496445823**